എം. സാജിദ്

# നന്ദിഗ്രാമിലെ വ്യവസായ വിപ്ലവം: സഖാക്കൾ സാലിം, ടാറ്റമാർ നീണാൾ

**ബേറോസ്ഗാർ** നൗജവാനോം കീ റോസ്ഗാർ കി വസാഇൽ കേലിയേ, സിറാ അതീ തർഖീ കൊ ജാരീ രഖ്തേ ഹുവേ, സുൻഅതേകാരീ കേ മുത്വാലബേ പർ....... (തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കാർഷികപുരോഗതി നിലനിർത്തിക്കൊണ്ട് വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും ആവശ്യപ്പെട്ടുകൊണ്ട്.......) മാർച്ച് 14-ന്റെ കൂട്ടക്കൊലക്കുശേഷം കൊൽക്കത്തയിൽ ഡി.വൈ.എഫ്.ഐ സംഘടിപ്പിച്ച യുവജന-വിദ്യാർഥി മാർച്ചിന്റെ ഉർദു പോസ്റ്ററിലാണ് ഇങ്ങനെ വളഞ്ഞു മൂക്കുപിടിക്കുന്നത്. വ്യവസായവൽക്കരണം നടത്താൻ ബംഗാളിലെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ തന്നെ എന്തിന് കൈയേറുന്നുവെന്ന ചോദ്യത്തിനും ഗംഭീരമായ മറുപടിയുണ്ട്

'മുപ്പതു വർഷങ്ങളായി ഭൂപരിഷ്കരണം നടപ്പിലാക്കിയതിനാൽ ഭൂമിയിലൊക്കെ കൃഷിക്കാർ നന്നായി കൃഷി നടത്തുന്നുണ്ട്. എവിടെ ഭൂമി ഏറ്റെടുത്താലും ഈ പ്രശ്നം നിലനിൽക്കും.' വസ്തുതാപരമായി മറുപടി തെറ്റാണെങ്കിലും വ്യവസായവൽക്കരണമെന്ന ഒറ്റമൂലി ഒരു കമ്യൂണിസ്റ്റ് സർക്കാറിനെ (പാർട്ടിയെ) വാരിക്കുഴിയിൽ വീഴ്ത്തിയതു മനസ്സിലാക്കാൻ ഈ പ്രസ്താവന മാത്രം മതി.

ധാരാളം ആക്ടിവിസ്റ്റുകളും സംഘങ്ങളും -രമേശ് ചെന്നിത്തല പോലും- വിവിധ ലക്ഷ്യങ്ങളോടെ സന്ദർശനം നടത്തുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്ത യുദ്ധഭൂമിയിലേക്ക് തിരിക്കുമ്പോൾ ഉദ്ദേശ്യങ്ങൾ പ്രധാനമായും രണ്ടായിരുന്നു: രംഗം ശാന്തമായ ശേഷം കൂടുതൽ വ്യക്തമായി വസ്തുതകളറിയുകയും ഇടതുപക്ഷം നടത്തുന്ന പ്രതിവാദങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കുകയും ചെയ്യുക. പ്രകാശ് കാരാട്ട് പറഞ്ഞതിൽ ചിലതൊക്കെ സത്യം തന്നെയാണ്. നന്ദിഗ്രാമിലെ ജനങ്ങൾ കഴിഞ്ഞ മൂന്നുമാസമായി ഘോരസമരത്തിൽ തന്നെയായിരുന്നു. നന്ദിഗ്രാമിലെ 19,196.39 ഏക്കർ ഭൂമി ഇന്തോനേഷ്യയിലെ സാലിം ഗ്രൂപ്പിനുവേണ്ടി നിർമിക്കുന്ന പ്രത്യേക സാമ്പത്തിക മേഖലക്കായി പിടിച്ചെടുക്കുമെന്ന് സ്ഥലം എം.പി ലക്ഷ്മൺ സേത്ത് ചെയർമാനായ ഹാൽദിയ ഡെവലപ്മെന്റ് അതോറിറ്റി 2006 സെപ്റ്റംബർ 12-ന് സർക്കുലർ ഇറക്കിയിരുന്നു. നന്ദിഗ്രാം ഒന്നാം ബ്ലോക്കിലെ 28 മൗജ (ഗ്രാമക്കൂട്ടം) കളിൽനിന്ന് ഏറ്റെടുക്കാൻ പോകുന്ന ഭൂമിയുടെ ഏക്കർ തിരിച്ച കണക്കുകളും ഇതിൽ വ്യക്തമാക്കിയിരുന്നു. സർക്കുലർ കണ്ട് പരിഭ്രാന്തരായ ജനങ്ങൾ വ്യത്യസ്ത പാർട്ടികൾക്കു കീഴിൽ സമരങ്ങൾ ആരംഭിക്കുകയായിരുന്നു. വൈകാതെ തന്നെ ഒരു ഏകീകൃത സമര സമിതി -ഭൂമി ഉച്ഛഡ് പ്രതിരോധ് സമിതി- നിലവിൽവരികയുണ്ടായി. ഇതിൽ നന്ദിഗ്രാമിലെ തൃണമൂൽ കോൺഗ്രസ്, കോൺഗ്രസ്, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, ജമാഅത്തെ ഇസ്ലാമി, എസ്.യു.സി.ഐ തുടങ്ങി വ്യത്യസ്ത സംഘടനകളിലെ പ്രവർത്തകർ ഒരുമിച്ചണിനിരന്നു. അഞ്ച് കൺവീനർമാരുടെ കൂട്ടുനേതൃത്വത്തിലാണ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നത്.

സി.പി.എമ്മിനെ ഒറ്റപ്പെടുത്തി തട്ടിക്കൂട്ടിയ തൃണമൂൽ-തീവ്രവാദി-മാവോയിസ്റ്റ് കൂട്ടമാണ് കമ്മിറ്റിയെന്നാണ് ഇടതുനേതാക്കൾ ഇടതടവില്ലാതെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഭൂമി നഷ്ടപ്പെടുമെന്നുറപ്പുള്ളവരിൽ ധാരാളം സി.പി.എം പ്രവർത്തകരും ഉണ്ടായിരുന്നു. തുടക്കത്തിൽ പാർട്ടി വിശദീകരണങ്ങളിൽ തൃപ്തരായി അവർ അറച്ചുനിന്നിരുന്നെങ്കിലും തങ്ങളുടെ ഏക ജീവനോപാധി ഇന്തോനേഷ്യക്കാരന് തീറെഴുതിക്കൊടുക്കുന്നത് ഈ പാർട്ടി തന്നെയാണെന്ന് തിരിച്ചറിഞ്ഞ് അവരും സമരത്തിൽ സജീവമായി പങ്കുചേരുകയായിരുന്നു. ഔദ്യോഗിക കണക്കനുസരിച്ച് വെടിവെപ്പിൽ കൊല്ലപ്പെട്ട 14 പേരുടെ ലിസ്റ്റിലുള്ള ബാസന്തി കാർ, ബാദൽ മണ്ഡൽ, ഗോവിന്ദ ദാസ് എന്നിവർ സജീവ സി.പി.എം പ്രവർത്തകരായിരുന്നുവെന്ന് അയൽവാസിയും നന്ദിഗ്രാമിലെ മെഡിക്കൽ പ്രാക്ടീഷ്ണറുമായ ഡോ. ശൈഖ് മുശർറഫ് ഹുസൈൻ പറഞ്ഞു. ആസൂത്രിതമായ സി.പി.എം വിരുദ്ധ കലാപമായിരുന്നു നന്ദിഗ്രാമിലേത് എന്ന പ്രകാശ്-ബൃന്ദ കാരാട്ട് തത്ത്വവാദങ്ങൾഅംഗീകരിക്കുകയാണെങ്കിൽ അതിന് നേതൃത്വം കൊടുത്തതും പോരാടി രക്തസാക്ഷികളായതും സി.പി.എം പ്രവർത്തകർ കൂടിയായിരുന്നു എന്ന മറുവശം ചേർത്തുവായിക്കേണ്ടിവരും.

സമരം രൂക്ഷമാവുന്നതു കണ്ടപ്പോൾ കൊൽക്കത്തയിൽനിന്ന് ഇടക്കിടെ ബുദ്ധദേവ് ബാബു ചില വിശദീകരണങ്ങൾ നൽകിയിരുന്നു. സമ്മതമില്ലാതെ ആരുടെയും ഭൂമി ഏറ്റെടുക്കില്ലെന്ന ഈ വിശദീകരണങ്ങൾക്കു പക്ഷേ, രേഖകൾ ഒന്നുമുണ്ടായിരുന്നില്ല. ഇതേ സമയം തന്നെ, നന്ദിഗ്രാമിനടുത്ത് സി.പി.എം നടത്തിയ ഒരു പൊതുയോഗത്തിൽ പ്രസംഗിക്കവെ, നേരത്തേ ഇറക്കിയ സർക്കുലർ പ്രകാരം തന്നെ ഭൂമി പിടിച്ചെടുക്കുമെന്ന് ലക്ഷ്മൺ സേത്ത് എം.പി വ്യക്തമാക്കുകയുണ്ടായി. "ഈ പൊതുയോഗമാണ്, മുഖ്യമന്ത്രിയുടെ വാക്കുകൾ വ്യാജമാണെന്നും തങ്ങളുടെ നിലനിൽപ്പ് അവതാളത്തിലാണെന്നും നന്ദിഗ്രാമുകാർക്ക് വ്യക്തമാക്കിക്കൊടുത്തത്. അതിനുശേഷമാണ് സമരം സജീവമായതും ഒട്ടൊക്കെ അക്രമാസക്തമായതും''- എസ്.യു.സി.ഐ പ്രാദേശിക നേതാവും സമരസമിതി കൺവീനർമാരിൽ ഒരാളുമായ ഭവാനി ദാസ് പറഞ്ഞു.

സമരസമിതിയുടെ നേതൃത്വത്തിൽ ജനുവരി 3-ന് നടന്ന ഒരു പ്രതിഷേധ റാലിക്കുനേരെ പോലീസ് ഏകപക്ഷീയമായി നടത്തിയ വെടിവെപ്പിൽ ആറുപേർ കൊല്ലപ്പെടുകയുണ്ടായി. വെടിവെപ്പ് കഴിഞ്ഞ് മടങ്ങിപ്പോയ പോലീസ് ജീപ്പ് ഒരു ഇലക്ട്രിക് പോസ്റ്റിലിടിച്ച് മറിഞ്ഞുവീണപ്പോൾ ഓടിയടുത്ത ജനക്കൂട്ടം ജീപ്പ് കത്തിച്ചു. ജനുവരി 7-ന് വീണ്ടും സേനാചൂര-ഖജൂരി അതിർത്തിയിൽ നടന്ന (ഖജൂരി, കണ്ണൂർ ഗ്രാമങ്ങളെ വെല്ലുന്ന പാർട്ടി വില്ലേജാണ്) പ്രതിഷേധ റാലിക്കുനേരെ ഖജൂരി ഭാഗത്തുനിന്ന് സി.പി.എം പ്രവർത്തകർ വെടിവെപ്പ് നടത്തി. പരിഭ്രാന്തരായി ചിതറിയോടിയ ജനക്കൂട്ടം സി.പി.എം നേതാവും പഞ്ചായത്തംഗവുമായ ശങ്കർ സാമന്തയുടെ തൊട്ടടുത്തുള്ള വീട്ടിലേക്ക് ഓടിച്ചെന്നു. അവിടെച്ചെന്നപ്പോൾ കണ്ട കാഴ്ച അമ്പരപ്പിക്കുന്നതായിരുന്നു. തങ്ങൾ വോട്ടുചെയ്ത് വിജയിപ്പിച്ച തങ്ങളുടെ പ്രതിനിധി തോക്കെടുത്ത് തങ്ങൾക്കു നേരെ നിറയൊഴിക്കുന്നു. അന്ന് വൈകുന്നേരം തന്നെ അവരതിന് പ്രതികാരം ചെയ്തു. ശങ്കർ സാമന്തയെ വീട്ടിൽനിന്നിറക്കി കൊണ്ടുവന്ന് ഇരുമ്പുദ

ണ്ഡുകൾ കൊണ്ട് ആക്രമിച്ചു. ശങ്കർ സാമന്ത കൊല്ലപ്പെട്ടു. സംഘർഷത്തിൽ അയാളുടെ വീടും കത്തിച്ചാമ്പലായി.

ഇത്രയുമായതോടെ ഏതുസമയത്തും ഒരു പോലീസ് ആക്രമണം നന്ദിഗ്രാമിൽ നടന്നേക്കുമെന്ന് ഗ്രാമവാസികൾ ഭയപ്പെട്ടു. നന്ദിഗ്രാമിലേക്കുള്ള പ്രധാന വഴികൾ തകർത്ത് ഇതിനെ നേരിടാനായിരുന്നു അവരുടെ തീരുമാനം. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയുടെ ഭാഗമായി ആറുമാസം മുമ്പ് മാത്രം ഉണ്ടാക്കിയ ഒരു റോഡാണ് ഹൈവേയിൽനിന്ന് ഖജൂരി അതിർത്തി വരെ ഉള്ളത്. വർഷങ്ങളോളം സമരം നടത്തി നേടിയെടുത്ത ഈ പുതിയ റോഡിൽ ഇരുപത്തഞ്ചിലധികം കിടങ്ങുകളാണ് ആയിരക്കണക്കിന് സമരക്കാർ തീർത്തത്. ബാക്കി സ്ഥലങ്ങളിൽ വലിയ വിറകുതടികളും ഇഷ്ടികക്കല്ലുകളും കൂട്ടിവെച്ച് പ്രതിരോധങ്ങളുയർത്തി. ചില കലുങ്കുകളും സ്ലാബുകളും പൊളിച്ചിട്ടു. പ്രദേശത്തെ സി.പി.എം ഓഫീസും സമരാനുകൂലികൾ തീയിട്ടു.

മാർച്ച് 14-ന് ഒരു പോലീസ് ആക്ഷൻ ഉണ്ടാവുമെന്ന വിവരം സമരക്കാർക്ക് ലഭിച്ചിരുന്നു. പ്രധാന റോഡ് വഴിയുള്ള ഗതാഗതം തടസ്സപ്പെടുത്തിയതിനാൽ ഖജൂരി അതിർത്തിയിലെ തൽപ്പാട്ടി കനാലിന് മീതെയുള്ള ബാംഗബേരപ്പാലം വഴിയോ ഗോകുൽനഗർ വഴിയോ ആയിരിക്കും പോലീസ് വരിക എന്നവർ കണക്കുകൂട്ടി. 14-ന് അതിരാവിലെ മുതൽ തന്നെ കൈക്കുഞ്ഞുങ്ങളെയുമെടുത്ത് സ്ത്രീകളടക്കം ആയിരക്കണക്കിന് ഗ്രാമവാസികൾ ഇരുവഴികളിലും തടിച്ചുകൂടി. ബാംഗബേര പാലത്തിന് തൊട്ടുമുന്നിലും ഒരു വലിയ കിടങ്ങ് തീർത്തിരുന്നു. ഈ കിടങ്ങിൽ ഗ്രാമീണരുടെ പ്രധാന ഹൈന്ദവ ദേവതയായ ഗോരംഗ് ഠാക്കൂറിന്റെ പ്രതിമ വെച്ച് പൂജ നടക്കുകയാണ്. തൊട്ടുപിന്നിൽ ഹിന്ദു സ്ത്രീകൾ പൂജ നടത്തുന്നു. അതിനും പിന്നിൽ മുസ്‌ലിംകൾ ഖുർആൻ പാരായണവും ദുആകളും നടത്തുന്നു. ഒരു ദുരന്തം തടയാൻ വേണ്ടി സമരനേതാക്കൾ കണ്ടെത്തിയ തന്ത്രമായിരുന്നു സ്ത്രീകളെയും കുട്ടികളെയും മുന്നിൽ നിർത്തിക്കൊണ്ട് പ്രാർഥന നടത്താനുള്ള തീരുമാനം. 10 മണിക്ക് ആയിരക്കണക്കിന് പോലീസുകാരെത്തി ബാംഗബേര പാലത്തിന്റെ മറുകരയിൽ സ്ഥാനമുറപ്പിച്ചു. ധാരാളം സി.പി.എം പ്രവർത്തകരും ചുറ്റിലുമുണ്ട്. പിരിഞ്ഞുപോകണമെന്നാവശ്യപ്പെട്ട് പോലീസ് പ്രഖ്യാപനം നടത്തി. തുടർന്ന് ആകാശത്തേക്ക് വെടി, കണ്ണീർവാതകപ്രയോഗം എന്നിവ നടന്നു. ഉടൻ തന്നെ കിടങ്ങ് ചാടിക്കടന്ന ഒരാൾ -പോലീസിന്റെ കാക്കി വേഷം, കറുത്ത തുണികൊണ്ട് മുഖം മറച്ച്, കാലിൽ ഷൂസും ചെരിപ്പുമില്ലാതെ- ജനക്കൂട്ടത്തിന് നടുവിലെത്തി തുരുതുരാ വെടിവെച്ചു. ഇയാളെ പിടികൂടിയപ്പോൾ ഇയാൾ ഒരു സി.പി.എം പ്രവർത്തകനാണെന്ന് തിരിച്ചറിഞ്ഞു. തുടർന്ന് പാലത്തിലേക്ക് വന്ന പോലീസും വെടിവെച്ചു. പാർശ്വഭാഗങ്ങളിലെ പൊന്തക്കാടുകളിൽനിന്ന് വെടിവെച്ചവർ സി.പി.എം പ്രവർത്തകരാണെന്ന് ജനം പറയുന്നു. നേരത്തേ തയാറാക്കിക്കൊണ്ടുവന്ന മണൽചാക്കുകൾ ക്രെയിനുപയോഗിച്ച് നീട്ടിയെറിഞ്ഞ് കിടങ്ങ് തൂർക്കാൻ പോലീസ് ശ്രമം തുടങ്ങി. ഈ കിടങ്ങുതൂർക്കലിൽ ഗോരംഗ് ഠാക്കൂറിന്റെ പ്രതിമയും പൂജക്ക് നേതൃത്വം കൊടുത്തിരുന്ന, മുടന്തുള്ള പൂജാരിയും മണൽചാക്കുകൾക്കടിയിൽപെട്ടു. കിടങ്ങ് തൂർന്നതോടെ കൂടുതൽ പോലീസ് പാലം കടന്ന് വെടിവെപ്പ് നടത്തി. ഇതിനിടയിൽ ഒരു കെട്ടിടത്തിന്റെ പിന്നിലൊളിച്ച ജനക്കൂട്ടത്തെ പോലീസ് വളഞ്ഞിട്ട് വെടിവെച്ചു. ഇതിലാണ് കൂടുതലാളുകൾ മരണപ്പെട്ടത്. അവിടെ തളംകെട്ടി നിന്ന ചോര പിറ്റേ ദിവസം സി.പി.എമ്മുകാർ വന്ന് മോട്ടോറുപയോഗിച്ച് കഴുകിക്കളഞ്ഞു. ബാക്കിവന്ന ചോരപ്പാടുകൾ ഇപ്പോഴും അവിടെ കാണാം.

ഇതിനിടയിൽ, പഴയ കണക്കുതീർക്കാൻ ശങ്കർ സാമന്തയുടെ കൂട്ടാളികൾ എത്തി. ചിതറിയോടുന്ന ധാരാളം സ്ത്രീകളെ ഇവർ പൊക്കിയെടുത്ത് ശങ്കർ സാമന്തയുടെ കത്തിച്ചാമ്പലായ വീട്ടിൽ കൊണ്ടുപോയി കൂട്ടബലാത്സംഗം ചെയ്തു. കത്തിത്തീരാൻ ഒന്നും ബാക്കിയില്ലാത്ത ആ വീട്ടിൽ സ്ത്രീകളുടെ വസ്ത്രങ്ങളും മറ്റും ഇപ്പോഴും പരന്നു കിടക്കുന്നത് കാണാം. അവിടത്തെ ചോരപ്പാടുകൾ സി.ബി.ഐ അന്വേഷണ സംഘം പ്രത്യേകം അടയാളപ്പെടുത്തി. സംഭവദിവസം ബലാത്സംഗത്തിനിരയായ ധാരാളക്കണക്കിന് സ്ത്രീകൾ ആശുപത്രിയിൽ വന്നതായി ചീഫ് നഴ്സും (പേര് വെളിപ്പെടുത്താൻ തയാറായില്ല) പറയുകയുണ്ടായി. ഡോ. ശൈഖ് മുശർറഫ് ഹുസൈൻ, വെടിവെപ്പ് നടന്ന സ്ഥലത്ത് പെട്ടിക്കട നടത്തുന്ന ഹരിപദ്മ ഗിരി, പ്രദേശവാസിയായ ഹരദൻ പൈക് തുടങ്ങിയവർ ഈ സംഭവങ്ങളൊക്കെയും കൺമുന്നിൽ കണ്ടവരാണ്. ഗോകുൽ നഗറിലെ റോഡ് വഴിയും മാർച്ച് 14-ന് പോലീസ് ആക്രമണം നടന്നിരുന്നു. അവിടെ നാലുപേരാണ് മരണപ്പെട്ടത്.

മാർച്ച് 15-ന് നടന്ന ബന്ദിനുശേഷം, അടുത്ത ദിവസം രോഷാകുലരായ ജനക്കൂട്ടം സോനാചുര പഞ്ചായത്ത് ഓഫീസ് തീവെച്ചു. പഞ്ചായത്ത് ഓഫീസിനു പുറമെ റവന്യൂ, ഹെൽത്ത് ഓഫീസുകളും സമ്പൂർണമായി കത്തിനശിച്ചു.

സംഭവത്തിനു ശേഷം മുഖം നഷ്ടപ്പെട്ട സി.പി.എം ഉന്നയിക്കുന്ന ചില മറുവാദങ്ങളെക്കുറിച്ചും ഞങ്ങൾ വിശദമായി അന്വേഷിച്ചിരുന്നു. സി.പി.എം വിരുദ്ധ സേനയുടെ ആക്രമണ ഫലമായി 3000-ഓളം പാർട്ടി പ്രവർത്തകരെ നന്ദിഗ്രാമിൽ നിന്ന് പുറത്താക്കിയെന്നാണ് പ്രധാന വാദം. ഇവരുടെ പേരുവിവരങ്ങളുടെ ലിസ്റ്റ് തന്നാൽ തങ്ങൾ തന്നെ അവരെ തിരിച്ചുകൊണ്ടുവരാമെന്നാണ് നന്ദിഗ്രാമിലെ സാമൂഹികപ്രവർത്തകനും സമരനേതാവുമായ ഷാ ആലമും സമരസമിതി കൺവീനറായ ഭവാനി ദാസും പ്രതികരിച്ചത്. “ധൈര്യമുണ്ടെങ്കിൽ ബൃന്ദാ കാരാട്ട് ലിസ്റ്റ് തരട്ടെ. കൊൽക്കത്തയിൽ ഇത്തരക്കാരെന്ന് പറയപ്പെട്ടവരെക്കൂട്ടി ബൃന്ദ നടത്തിയ ധർണ ഞങ്ങൾ കണ്ടിരുന്നു. പത്തിൽ താഴെ നന്ദിഗ്രാമുകാരും ബാക്കി കൊൽക്കത്തയിലെ വാടകക്കാരുമായിരുന്നു ആ ധർണയിൽ പങ്കെടുത്തത്” - അവർ കൂട്ടിച്ചേർത്തു. ഇരുപത്തഞ്ചോളം സി.പി.എം പ്രവർത്തകർ പ്രശ്നങ്ങളെത്തുടർന്ന് നന്ദിഗ്രാം വിട്ടിട്ടുണ്ട്. ഇതുപക്ഷേ, പാർട്ടിയോടും സമരത്തോടും കാണിക്കേണ്ടിവരുന്ന കടപ്പാടുകൾക്കിടയിൽപെട്ട് പോയവരാണ്. അവരൊക്കെ തൊട്ടടുത്ത ഗ്രാമങ്ങളിലെ ബന്ധുവീട്ടിലായിരുന്നു കഴിഞ്ഞിരുന്നത്. ഇവർ താമസിച്ച അഭയാർഥി ക്യാമ്പുകളെക്കുറിച്ച കഥകളെല്ലാം കെട്ടുകഥകൾ മാത്രമാണ്.

സമരക്കാർ ബലാത്സംഗം ചെയ്തു കൊന്ന സി.പി.എം പ്രവർത്തകയായ സുനിതാ മണ്ഡലിന്റെ കഥയാണ് മറ്റൊന്ന്. സുനിതാ മണ്ഡലിനെ ബലാൽസംഗം ചെയ്തുവെന്ന മെഡിക്കൽ റിപ്പോർട്ട് വ്യാജമാണെന്നും പ്രണയനൈരാശ്യം മൂലം ആത്മഹത്യചെയ്ത തന്റെ മകളുടെ മരണത്തിൽ ആർക്കും ഉത്തരവാദിത്വമില്ലെന്ന സുനിതാ മണ്ഡലിന്റെ അഛന്റെ വിശദീകരണം ബംഗാളി പത്രങ്ങളിൽ വന്നതായും സമരനേതാക്കൾ പറഞ്ഞു. സിംഗൂരിൽ സമരരംഗത്തുള്ള താപസി മാലിക് എന്ന പത്തൊമ്പതുകാരിയെ സി.പി.എമ്മുകാരും പോലീസും ചേർന്ന് കൂട്ടബലാത്സംഗം ചെയ്ത് കൊന്ന സംഭവത്തിന് മറയിടാനാണ് ഇങ്ങനെയൊരു കള്ളക്കഥ പ്രചരിപ്പിക്കുന്നതെന്നാണ് അവർ വിശ്വസിക്കുന്നത്.

ഫലഭൂയിഷ്ഠമല്ലാത്ത, അമ്ലഗുണമുള്ള, ഉപ്പുവെള്ളം കയറുന്ന മണ്ണാണ് നന്ദിഗ്രാമിലേതെന്നും അതിനാലാണ് അവിടെ വ്യവസായവൽക്കരണം നടത്തുന്നതെന്നുമുള്ള ‘ചിന്ത’ വിശദീകരണങ്ങളും പച്ചക്കള്ളമാണ്. പച്ചപ്പുള്ള, നാലുഭാഗത്തും നൂറുകണക്കിന് ചെറുതടാകങ്ങളുള്ള വിശാലമായ കൃഷിഭൂമിയാണ് നന്ദിഗ്രാമിൽ സർക്കാർ ഏറ്റെടുക്കാൻ ശ്രമിച്ചത്. ഗ്രാമവാസികളൊക്കെയും കൃഷിയെ മാത്രം ആശ്രയിച്ചുകഴിയുന്നവരാണ്. ഇവരുടെ കൃഷി നശിപ്പിച്ചുതന്നെ മുൻ കമ്യൂണിസ്റ്റ് പീഡകരായ സാലിം ഗ്രൂപ്പിനെക്കൊണ്ട് വ്യവസായമുണ്ടാക്കണമെന്ന ശാഠ്യത്തിന്റെ പ്രത്യയശാസ്ത്ര മാനമാണ്

ഇപ്പോഴും പിടികിട്ടാതെ പോവുന്നത് (സാലിം ഗ്രൂപ്പിനെക്കുറിച്ച് ചോദിച്ചപ്പോൾ ഞങ്ങൾക്ക് ചരിത്രം നോക്കി നിൽക്കാനാവില്ലെന്നും മൂലധനത്തിന് നിറമില്ലെന്നുമാണ് ബുദ്ധദേവ് പ്രതികരിച്ചത്. ഒരു ഗോർബച്ചേവിയൻ ഗന്ധം!)

സംഭവദിവസം ചിതറിയോടിയ നൂറുകണക്കിനാളുകളെ കാണാതായിരുന്നു. പലരും ഇപ്പോൾ തിരിച്ചുവന്നിട്ടുണ്ട്. വെടികൊണ്ട ശേഷം മുടന്തി നീങ്ങി അടുത്തുള്ള കുറ്റിക്കാട്ടിൽ മൂന്നുദിവസം ഒളിച്ചിരുന്ന നൂർജഹാൻ ബീവി, വെടികൊണ്ട ശേഷം തൊട്ടടുത്ത ഗ്രാമത്തിലേക്ക് ഓടിപ്പോയ കമലതാ ദാസ് തുടങ്ങിയവർ ഇപ്പോഴാണ് ആശുപത്രിയിലെത്തിയത്. മരണസംഖ്യ 30–നും 40–നുമിടക്ക് വരുമെന്നാണ് സമരനേതാക്കൾ പറയുന്നത്.

ഇപ്പോൾ നന്ദിഗ്രാം പുറമേക്ക് ഏറക്കുറെ ശാന്തമാണ്. പക്ഷേ, പാമ്പിനെയാണ് തങ്ങൾ നോവിച്ചുവിട്ടതെന്ന് ഗ്രാമവാസികൾക്കറിയാം. ക്ഷതപ്പെട്ട അഭിമാനം തിരിച്ചുപിടിക്കാൻ സി.പി.എം നടത്തുന്ന ശ്രമങ്ങളിൽ സമരസമിതി നേതാക്കളും പഴയ സി.പി.എമ്മുകാരും പ്രധാന ടാർഗറ്റുകളായിരിക്കും. കൊൽക്കത്തയിൽനിന്ന് രണ്ടര മണിക്കൂർ ദൂരത്തുമുള്ള കിഴക്കൻ മിഡ്നാപ്പൂർ ജില്ലയിലെ നന്ദിഗ്രാം ബ്ലോക്ക് സി.പി.എമ്മിന്റെ മാത്രം കുത്തകയല്ല. നാൽപ്പത്തഞ്ചു ശതമാനത്തോളം വരുന്ന മുസ്‌ലിംകളും വലിയൊരു ശതമാനം വരുന്ന പിന്നാക്കക്കാരും പക്ഷേ പൊതുവെ ഇടതുപക്ഷത്തെ തന്നെയായിരുന്നു പിന്തുണച്ചിരുന്നത്. സി.പി.ഐക്കാരനായ സ്ഥലം എം.എൽ.എയുടെ അഭിപ്രായത്തിൽ ലക്ഷ്മൺ സേത്താണ് മൊത്തം സംഭവങ്ങൾക്കുത്തരവാദി. നന്ദിഗ്രാമിലെ ചായമക്കാനിയിലെ മരബെഞ്ചിലിരുന്ന് സിഗരറ്റ് പുകയോടൊപ്പം ചായ കുടിക്കുന്ന ജനകീയ എം.എൽ.എ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: സി.പി.ഐയുടെ നിലപാട് വ്യക്തമാണ്. ഞങ്ങൾ സെസിന് എതിരാണ്. സിംഗൂരിലേത് ചെറിയ പ്രശ്നമാണ്. അവിടെ വ്യവസായം കൊണ്ടുവരുന്നത് ടാറ്റയല്ലേ? അത്ര പ്രശ്നമല്ല. ടാറ്റ ഇന്ത്യയിലെ രണ്ടാം ഗ്രേഡ് ക്യാപിറ്റലിസ്റ്റാണ്. ഒന്നാം ഗ്രേഡിൽ റിലയൻസും ബിർളയുമാണ്. പക്ഷേ നന്ദിഗ്രാമിൽ വരുന്നത് വിദേശ കുത്തകയല്ലേ? ഞാൻ നിയമസഭയിൽ ശക്തമായെതിർത്തിട്ടുണ്ട്.

## സിംഗൂരിന്റെ കണ്ണീർ

കൊൽക്കത്തയും ഹൗറയും കഴിഞ്ഞുള്ള അടുത്ത പ്രദേശമാണ് സിംഗൂർ. ബംഗാളിലെ ഏറ്റവും ഫലഭൂയിഷ്ഠമെന്ന് ശുബ്രതോ സിൻഹയെപ്പോലുള്ള പ്രശസ്ത ജിയോളജിസ്റ്റുകൾ സാക്ഷ്യപ്പെടുത്തിയ, വർഷത്തിൽ 4–5 വിളകളുള്ള പാടശേഖരം. ഇതിൽ 997 ഏക്കറാണ് ചെറുകാർ ഫാക്ടറിയുണ്ടാക്കാൻ ടാറ്റക്കായി ബുദ്ധദേവ് നീക്കിവെച്ചത്. 6000 കുടുംബങ്ങളാണ് ഈ ഭൂമിയെ ആശ്രയിച്ചു ജീവിക്കുന്നത്. 600 പാട്ടകൃഷിക്കാർ, 900 കൂലിക്കാർ, 200 അനുബന്ധ കച്ചവടക്കാർ, 250 ഓളം ചുമട്ടുകാർ എന്നിവരും ഈ ഭൂമിയോട് ഒട്ടിനിൽക്കുന്നവരാണ്. 27 ആഴക്കിണറുകൾ, ഇരുവശങ്ങളിലും വലിയ നദികൾ, ധാരാളം ചെറു ജലശേഖരങ്ങൾ– ഇതൊക്കെ കാർഫാക്ടറി ഭൂമിക്കു ചുറ്റുമുള്ള വിശേഷങ്ങളാണ്. ഈ 997 ഏക്കറിലെ 330 ഏക്കർ ഭൂമിയുടെ ഉടമകൾ (ഭൂപരിഷ്കരണ നിയമത്തെ പരിഹസിച്ച്) കൊൽക്കത്തയിലെ വലിയ ജന്മിമാരാണെന്ന് സിംഗൂർ കൃഷിഭൂമി രക്ഷാസമിതിയുടെ നേതാവ് ബേചാറാം മന്ന പറഞ്ഞു. ഇങ്ങനെയൊരു ഭൂമി തങ്ങളുടെ പേരിലുണ്ടെന്ന് പോലും അറിയാത്ത ഇവർക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരം (ഏക്കറൊന്നിന് 7.8 ലക്ഷം – മാർക്കറ്റ് വില 21 ലക്ഷം)കോളടിച്ച പോലായിരുന്നു. അവരൊക്കെ ചെക്ക് വാങ്ങി ബാങ്കിലിട്ടു. 267 ഏക്കറിന്റെ ഉടമകളെക്കൊണ്ട് പോലീസ് നിർബന്ധപൂർവ്വം കരാർ ഒപ്പിടുവിക്കുകയായിരുന്നു. സെപ്റ്റംബർ 25–ന് നടന്ന ബി.ഡി.ഒ ഓഫീസ് മാർച്ചിൽ അറസ്റ്റ് ചെയ്യപ്പെട്ട ഇവരെ പോലീസും സി.പി.എം കാഡറും ചേർന്ന് ബലാൽക്കാരം ഒപ്പിടുവിച്ചു. തങ്ങൾക്ക് ഭൂമി തിരിച്ചുകിട്ടിയാൽ മതി എന്ന് പറഞ്ഞ് നഷ്ടപരിഹാരച്ചെക്ക് മടക്കിക്കൊടുക്കാൻ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുകയാണ് ഇവരിന്ന്. ബാക്കി 400 ഏക്കറിന്റെ ഉടമകൾ ഭൂമി വിട്ടുകൊടുത്തിട്ടില്ല, കൊടുക്കുകയില്ലെന്ന ശക്തമായ നിലപാടിലാണ് അവർ. എന്നാൽ എല്ലാവരുടെയും ഭൂമി ടാറ്റക്കായി മതിലുകെട്ടി തിരിച്ചിരിക്കുന്നു എന്നതാണ് യാഥാർഥ്യം. ഏറ്റെടുത്ത പ്രദേശത്ത് വഖ്ഫ് ഭൂമിയും ഉൾപ്പെട്ടിട്ടുണ്ട്. ഇതിനെതിരിൽ കോടതിയിൽ വേറെ കേസ് നടക്കുന്നുണ്ട്.

ഇപ്പോൾ ഈ മതിലിനുള്ളിൽ ടെന്റ്കെട്ടി കിടക്കുന്ന 200 ഓളം പോലീസുകാരും 600 ഓളം സി.പി.എമ്മുകാരുമാണ് ഈ ഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നത്. മൂന്നു ഷിഫ്റ്റുകളിലായി 24 മണിക്കൂറും സി.പി.എമ്മിന്റെ കാവലുണ്ട്. 68 രൂപയാണ് ഷിഫ്റ്റൊന്നിന് പ്രതിഫലം. കൃഷിഭൂമി നഷ്ടപ്പെട്ട താരക് ചന്ദ്രഘോഷ്, കാശിനാഥ് കോലെ, മാനവ് പാഞ്ച, മുഹമ്മദ് ഖാര, ജയദേവ് ഭട്ട്, ഗോപാൽ സന്ദ്ര, പണി നഷ്ടപ്പെട്ട ദൂത് കുമാർ സന്ദ്ര, ലക്ഷ്മികാന്ത് മാജി, സോനാതൻ മാജി, അമർ ബാഗ് തുടങ്ങി സമരപ്പന്തലിൽ ഇരിക്കുന്നവർ ഭാവി ജീവിതത്തെക്കുറിച്ച് ഇരുളടഞ്ഞ പ്രതീക്ഷകൾ മാത്രമുള്ളവരാണ്.

മഹാനന്ദഖാര സജീവ സി.പി.എം പ്രവർത്തകനായിരുന്നു. മൂന്ന് തവണ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ട്. സിംഗൂരിലെ സി.പി.എമ്മിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ ഇദ്ദേഹം ഇന്ന് സമരത്തിന്റെ നേതൃത്വത്തിലുണ്ട്. നയൻ താരാ ധാര എന്ന ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് ഇന്ന് സമരാവേശം ഉണ്ടാക്കുന്ന ടാറ്റാ വിരുദ്ധ ഗാനങ്ങൾ എഴുതി ആലപിക്കുകയാണ്. ആസ്തു ഭാരിക്, ബീച്ചു മാലിക് എന്നിവരും ഇപ്രകാരം പഴയ സി.പി.എം പ്രവർത്തകരായ സമരപോരാളികളാണ്. "മാ – മാട്ടി – മാനുഷ് (മാതാവ്-മണ്ണ്-മനുഷ്യൻ) എന്നത് ബംഗാളികൾക്ക് ഒന്നാണ്. ഈ മണ്ണ് എന്റെ മാതാവാണ്. മാതാവിനുനേരെയുള്ള ആക്രമണം തടഞ്ഞില്ലെങ്കിൽ ഇവർ മനുഷ്യത്വം തകർക്കും." – സജീവ സി.പി.എം പ്രവർത്തകനായിരുന്ന കൃഷ്ണ ചന്ദ്ര മന്ന(70) വികാരാധീനനായി. ഞങ്ങൾ പരാജയപ്പെട്ടില്ല. ജനാധിപത്യപരമായി മാത്രം സമരം നടത്തും. അവർ ജനാധിപത്യവിരുദ്ധമായി ഞങ്ങളെ നേരിടുന്നു. എങ്കിലും സമരം ജയിക്കും. കാരണം ഇതിൽ സത്യമുണ്ട് – അദ്ദേഹം കൂട്ടിച്ചേർത്തു. തുടക്കത്തിലേ അമിതാവേശം നിയന്ത്രിച്ചതിനാൽ നന്ദിഗ്രാമിലേതുപോലുള്ള അബദ്ധങ്ങൾ സംഭവിച്ചില്ലെന്ന് മറ്റൊരു സമരനേതാവായ മാണിക്ദാസ് പറഞ്ഞു.

സിംഗൂരിൽ ആത്മഹത്യകളും നടക്കുന്നു. ഭൂമി നഷ്ടപ്പെട്ട ഹരദൻ ബാഗ് (70) കുറേ ദിവസത്തെ ഉപവാസത്തിനു ശേഷം വിഷം കഴിച്ചുമരിച്ചു. ഇദ്ദേഹത്തിന്റെ മരുമകൾ കൃഷ്ണ ബാഗിനെയും രണ്ടര വയസ്സുള്ള മകൾ പായലിനെയും മാരകായുധം കൈവശം വെച്ചെന്ന കള്ളക്കേസ് ചുമത്തി പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

നന്ദിഗ്രാം കൂട്ടക്കൊലയെ തുടർന്നുണ്ടായ ബഹളങ്ങളിൽ സിംഗൂരിന്റെ കണ്ണീർ മുങ്ങിപ്പോവുകയായിരുന്നു. എല്ലാം നഷ്ടപ്പെട്ട ജനങ്ങൾക്ക് ഇവിടെ സമഗ്രമായ പുനരധിവാസ – റിലീഫ് ആവശ്യങ്ങളുണ്ടെന്ന് ജമാഅത്തെ ഇസ്‌ലാമി പ്രാദേശിക നേതാവ് ഡോ. ഖാലിഖുസ്സമാൻ പറഞ്ഞു.

വ്യവസായവൽക്കരണത്തിനു വേണ്ടി സിംഗൂരും നന്ദിഗ്രാമും തന്നെ എന്തുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ടു എന്ന ചോദ്യത്തിന് മൂന്ന് ഉത്തരങ്ങളാണ് ഇരു പ്രദേശവാസികളും നൽകുന്നത്: 1) തലസ്ഥാനത്തെ സൗകര്യങ്ങൾക്കടുത്തുള്ള പ്രദേശമായതിനാൽ. 2) പരമ്പരാഗതമായി സി.പി.എം കുത്തക ഗ്രാമങ്ങളല്ലാത്തതിനാൽ. 3) ഞങ്ങളൊക്കെ ബ്രാഹ്മണരല്ലാത്തതിനാൽ. രണ്ടും മൂന്നും നിരീക്ഷണങ്ങൾ ഞെട്ടിക്കുന്നവയാണ്. എന്നാൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ കൊൽക്കത്ത നഗരത്തിൽ ജലക്ഷാമം രൂക്ഷമാവുമ്പോഴേക്ക് വിലപ്പെട്ട ജലം സം

ഭരിച്ചുവെക്കാനുള്ള കുത്തകകളുടെ ദീർഘവീക്ഷണമാണ് ഇത്ര ഫലഭൂയിഷ്ഠമായ ഭൂമി തന്നെ വ്യവസായത്തിനുവേണ്ടി ഏറ്റെടുക്കുന്നതെന്ന നിരീക്ഷണം സാമ്രാജ്യത്വത്തിന്റെ പുതിയ ചുവപ്പുപുതപ്പിനെ തുറന്നുകാട്ടുകയാണ്.

ജംഇയ്യത്തുൽ ഉലമായേ ഹിന്ദിന്റെ സമരത്തിലെ സാന്നിധ്യമാണ് ശ്രദ്ധേയമായ മറ്റൊരു വശം. വിശദമായ വിശകലനങ്ങൾക്കൊടുവിൽ എത്തിച്ചേർന്ന സുചിന്തിത തീരുമാനമൊന്നുമല്ലെങ്കിലും സിദ്ദീഖുല്ലാ ചൗധരിയെന്ന സജീവ ജനറൽ സെക്രട്ടറിയുടെ ഏകാംഗ പ്രകടനം ദേശീയ രാഷ്ട്രീയത്തിൽ തന്നെ ന്യൂനപക്ഷ ഇടപെടലുകൾക്ക് പുതിയൊരു മാനം നൽകിയിരിക്കുകയാണ്. എസ്.യു.സി.ഐ- തൃണമൂൽ തുടങ്ങിയ വിരുദ്ധ ശക്തികളാണ് പൊതു താൽപര്യത്തിനുവേണ്ടി ജംഇയ്യത്ത് പോലൊരു പരമ്പരാഗത മത സംഘടനയുമായി കൈ കോർത്തിരിക്കുന്നതെന്ന വസ്തുതയും പുതിയ സമവാക്യങ്ങളുടെ സാധ്യതയിലേക്ക് വിരൽചൂണ്ടുന്നു. ജമാഅത്തെ ഇസ്‌ലാമിയും ഈ സമരങ്ങളെ പിന്തുണക്കുന്നുണ്ട്.

ഇരു സംഭവങ്ങളും ബംഗാളിലെ സാംസ്കാരിക രംഗത്തും സി.പി.എമ്മിന് കനത്ത നഷ്ടമാണുണ്ടാക്കിയത്. മുൻകാലത്ത് സി.പി.എമ്മിനെ അനുകൂലിച്ചിരുന്ന ഏതാണ്ടെല്ലാ സാംസ്കാരിക പ്രവർത്തകരും ഈ വികസന ഭ്രാന്തിനെതിരെ പ്രതികരിച്ചിരിക്കുന്നു. സുനിൽ ഗംഗോപാധ്യായ, ദിബ്യേന്ദു പാലിത്, സൗമിത്ര ചത്തോപാധ്യായ, സുചിത്ര ഭട്ടാചാര്യ, ദീപാങ്കർ ദേ, ഉഷാ ഗാംഗുലി, ശ്രീകാന്ത ആചാര്യ, ജഗന്നാഥ് ബസു, ചിത്ര ലാഹിരി, മല്ലിക സെൻഗുപ്ത, ബാമി ബാസു, സബ്യസായി ചക്രവർത്തി തുടങ്ങി അമ്പതോളം ആക്ടിവിസ്റ്റുകൾ അടുത്ത ദിവസമാണ് പത്രസമ്മേളനം നടത്തി തങ്ങളുടെ പ്രതിഷേധമറിയിച്ചത്. സുമിത് സർക്കാറും ഭാര്യയും സാഹിത്യപുരസ്കാരങ്ങൾ ഗവൺമെന്റിന് തിരിച്ചുകൊടുത്തിരിക്കുന്നു. വിശ്വപ്രസിദ്ധ എഴുത്തുകാരി മഹാശ്വേതാ ദേവി എൺപതാം വയസ്സിലും ഈ ഭീകരതക്കെതിരെ അതിശക്തമായ സമരം നയിക്കുകയാണ്. “സങ്കൽപിക്കാനാവുന്നതല്ല ഈ ക്രൂരത. മറ്റു സ്ഥലങ്ങളിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ മേധാ പട്കറോടൊപ്പം ഇറങ്ങിത്തിരിക്കുന്ന ബൃന്ദ ഇവിടെ വന്നുകണ്ടില്ല. സിംഗൂരിലെ ഭൂമിപിടിച്ചെടുക്കലിൽ എല്ലാം നിയമവിരുദ്ധമായാണ് സംഭവിച്ചത്. ടാറ്റക്കുവേണ്ടി വ്യവസായ വകുപ്പാണ് എല്ലാം ചെയ്തുകൊടുത്തത്. ടാറ്റക്ക് അവിടെ പോകേണ്ട ആവശ്യം പോലുമുണ്ടായില്ല. 24 പർഗാനയിലെ മെഗാസിറ്റി പദ്ധതിക്കുവേണ്ടി ആയിരക്കണക്കിന് ഏക്കർ കുടിയൊഴിപ്പിച്ചപ്പോഴും സംഭവിച്ചത് ഇതു തന്നെയായിരുന്നു. എല്ലാം നഷ്ടപ്പെട്ട മുസ്‌ലിംകൾ ഇപ്പോൾ കൊൽക്കത്തയിൽ റിക്ഷ വലിക്കുന്നുണ്ടാകും” - അവർ രോഷം കൊണ്ടു.

വെള്ളമാണ് സാമ്രാജ്യത്വ ശക്തികളുടെ ലക്ഷ്യമെന്നാണ് മഹാശ്വേതാ ദേവിയും വിശ്വസിക്കുന്നത്. അല്ലെങ്കിൽ കാർ ഫാക്ടറിയുണ്ടാക്കാൻ ആയിരമേക്കർ എന്തിനാണെന്നവർ ചോദിക്കുന്നു. ഗുഡ്ഗാവിൽ 300 ഏക്കറിലാണ് ടാറ്റയുടെ ഫാക്ടറി നിലകൊള്ളുന്നത്. സിംഗൂരിൽ ഏറ്റെടുത്ത ഭൂമിക്ക് അപ്പുറത്ത് ഫലഭൂയിഷ്ഠമല്ലാത്ത ഭൂമിയുണ്ട്. അതേറ്റെടുക്കാൻ പ്രദേശവാസികൾ ആവശ്യപ്പെട്ടതുമാണ്. എന്നിട്ടും അത് നിരസിക്കുകയായിരുന്നു. ഇതിനെതിരിൽ ഒരു ദേശീയ സമരം രൂപപ്പെടേണ്ടതുണ്ട്- വാർധക്യത്തിലും ആവേശം വിടാതെ മഹാശ്വേതാ ദേവി പറഞ്ഞു. ■